"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ: ബി5/18803/16

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം
തീയതി: 09.08.2016

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - പേ റിവിഷൻ 2014-അരിയറുകൾ കണക്കാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കുലർ നമ്പർ 46/16/ഫിൻ തീയതി: 19.05.2016
2. ബി5/18083/16 നമ്പരായ സർക്കുലർ.

*********

സൂചനകളിലെ സർക്കുലർ പ്രകാരം 2014 ജൂലൈ മുതൽ 2016 ജനുവരി വരെയുള്ള മാസങ്ങളിൽ ഓരോ സ്ഥാപനത്തിലെയും ജീവനക്കാർക്ക് (റിട്ടയേർഡ് ജീവനക്കാർ ഉൾപ്പെടെ) നൽകേണ്ടിവരുന്ന പേ റിവിഷൻ അരിയർ നിർദ്ദിഷ്ട പ്രൊഫോർമയിൽ കൺസോളിഡേറ്റ് ചെയ്ത് 31.07.2016-നു മുൻപായി അയച്ചു തരണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മിക്ക സ്ഥാപനങ്ങളും സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടേയും കൂടിയുള്ള കൺസോളിഡേറ്റഡ് തുകയ്ക്കു പകരം ഓരോ ജീവനക്കാരന്റെയും തുക പ്രത്യേകമായി കണക്കാക്കിയാണ് നൽകിയിരിക്കുന്നത്. നിർദ്ദിഷ്ട പ്രൊഫോർമയിൽ ആർ1 എന്ന കോളത്തിൽ 2014 ജൂലൈയിൽ സ്ഥാപനത്തിൽ നിന്നും എല്ലാ ജീവനക്കാർക്കും കൂടി ആകെ നൽകേണ്ട തുക എന്ന ക്രമത്തിൽ രേഖപ്പെടുത്തി തയ്യാറാക്കിയ കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് <u>12.08.2016</u>-നു മുൻപായി അയച്ചു തരേണ്ടതാണ്. ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകേണ്ടതിനാൽ സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്.

പ്രൊഫോർമ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഡയറക്ടറേറ്റിൽ ലഭ്യമായി എന്ന് ഓരോ സ്ഥാപന മേധാവിയും ഉറപ്പു വരുത്തേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

പകർപ്പ്:-

1. എല്ലാ സ്ഥാപന മേധാവികൾക്കും.
2. വകുപ്പ് വെബ്സൈറ്റ്

എൽ. 04.08.2016